ഉത്തരം

(എ&ബി) കടുത്തുരുത്തി കമ്മ്യൂണിറ്റിഹാൾ നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ 2015-16 വർഷത്തിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

**വള്ളിക്കുന്നം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

**260 (5345)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വള്ളിക്കുന്നം വില്ലേജാഫീസ് കെട്ടിടം സുരക്ഷിതമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വള്ളിക്കുന്നം വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വള്ളിക്കുന്നം പഞ്ചായത്തിലെ കൃഷി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് ചുമതലനൽകി ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ടും ഭരണാനുമതിയും റവന്യൂ വകുപ്പിൽനിന്ന് ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വള്ളിക്കുന്നം പഞ്ചായത്തിലെ കൃഷി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ടും ഭരണാനുമതിയും കൃഷി വകുപ്പിൽനിന്ന് ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തമിഴ്നാട്ടിലെ കുറ്റാലത്തുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ്**

**261 (5346)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിലെ കുറ്റാലത്ത് കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ഭൂമിയാണ് ഉള്ളത് ; ഈ ഭൂമിയിൽ കയ്യേറ്റം നടക്കുന്നതായി നേരത്തെ വാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കയ്യേറ്റം ഒഴിപ്പിക്കാനും വസ്തു സർക്കാരിന്റെ അധീനതയിൽ നിലനിർത്താനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; ഇവിടെ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ ; കെയർടേക്കർമാരെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭൂമിയിൽ എത്ര കെട്ടിടങ്ങളാണ് ഉള്ളത് ; കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഓരോ കെട്ടിടത്തിലും എന്തൊക്കെ സൗകര്യങ്ങളാണ് ഉള്ളത് ; ഈ കെട്ടിടങ്ങളിലെ മുറികൾ വിനോദ സഞ്ചാരികൾക്ക് നൽകാറുണ്ടോ ; ഉണ്ടെങ്കിൽ ഇവയുടെ വാടക നിരക്ക് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ ; കഴിഞ്ഞ 5 വർഷം പ്രതിവർഷം ഇവിടെ നിന്നും വാടകയിനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) കുറ്റാലത്തെത്തുന്ന കൂടുതൽ വിനോദ സഞ്ചാരികൾക്ക് ഇവിടെ താമസസൗകര്യം ലഭ്യമാക്കുന്നതിനും മുറി ബുക്കുചെയ്യുന്നതിനുമായി ഓൺലൈൻ സൗകര്യം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly